# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5768** **19.11.2019-ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി നടപ്പിലാക്കിയ ശേഷമുള്ള നികുതി വരുമാനം**

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ.സി. ദിവാകരൻ</th><th colspan="2">മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി)</th></tr>
<tr><td>(എ)</td><td>ജി.എസ്.ടി നടപ്പിലാക്കിയ ശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ ;</td><td>(എ)</td><td>ജി.എസ്.ടി നടപ്പിലാക്കിയതിന് ശേഷം സംസ്ഥാനത്ത് പ്രതീക്ഷിച്ച നികുതി വരുമാനവും ലഭിച്ച നികുതി വരുമാനവും ചുവടെ ചേർക്കുന്നു. (തുക കോടിയിൽ)<br><table><tr><th>വർഷം</th><th>പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച വരുമാനം</th><th>ലഭിച്ച വരുമാനം</th><th>ശതമാനം</th></tr><tr><td>2017-18</td><td>38945.26</td><td>38403.69</td><td>99</td></tr><tr><td>2018-19</td><td>41907.97</td><td>43707.51</td><td>104</td></tr><tr><td>2019-20</td><td>52959.79(BE)</td><td>24416.84 (31.10.2019 വരെ)</td><td></td></tr></table></td></tr>
<tr><td>(ബി)</td><td>ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ നികുതി വെട്ടിപ്പ് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?</td><td>(ബി)</td><td>ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. വ്യാപാരികൾ സമർപ്പിക്കുന്ന പ്രതിമാസ റിട്ടേണുകൾ സ്ക്രൂട്ടണൈസ് ചെയ്ത് വ്യാപാരികളുടെ ക്രയവിക്രയങ്ങൾ പരിശോധനാ വിധേയമാക്കി അനധികൃതമായി ഇൻപുട്ട് ക്രഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ച് കാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചു പിടിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.<br>2. ജി.എസ്.ടി.ആർ.-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ. 3 ബി, ജി.എസ്.ടി.ആർ.1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ</td></tr>
</table>

| | | | |
|---|---|---|---|
| | | | വിധേയമാക്കി നടപടികൾ സ്വീകരിച്ചു വരുന്നു.<br>**3.** ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കു വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്.<br>**4.** റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>**5.** നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>6. നികുതി ചോർച്ച, നികുതി വെട്ടിപ്പ്, അനർഹമായ ഇൻപുട്ട് ടാക്സ് ക്രഡിറ്റ് എന്നിവ കൂടുതൽ ശാസ്ത്രീയമായി കണ്ടെത്തി നികുതി നടപടികൾ കൂടുതൽ ലക്ഷ്യബോധത്തോടെ നിർവ്വഹിക്കുവാൻ ഉതകുന്നതിലേയ്ക്കായി വകുപ്പ് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി കേരള (IIITMK)യുമായി ഡാറ്റാ അനലറ്റിക്സ് ധാരണാ പത്രത്തിൽ ഒപ്പിട്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ